# മായാത്ത മന്ദഹാസം

വൻകടലും കടന്നിതർക്കൻ
ചെങ്കൊടിയുമായ്; തിങ്കളപ്പോൾ
കുങ്കുമമലർമാലയിട്ടാ–
ത്തെങ്കരിമല കേറുകയാം.
''പപ്പോം പപ്പോം''  അടിച്ചു 'ഹോറൻ'
പട്ടണത്തിലെ 'ക്കാറ' ണികൾ;
ഹാ, കറങ്ങിടും വട്ടിനൊക്കു–
മാ നടക്കാവിൻനേർനടുവിൽ
പൊങ്ങും കന്നിൻ നെറുകയിങ്കൽ–
ത്തങ്ങും ക്ഷേത്രത്തിനുള്ളിലപ്പോൾ
''ണിണ്ണീം ണിണ്ണാ!'' മുഴങ്ങുകയാം
കർണ്ണം കീറും മണിയടികൾ.
മുട്ടീ 'മുൻസിപ്പാൽ ക്ലോക്കൊ' രെട്ടു
വട്ടം; കോവിലിൽത്തെല്ലിടയാൽ
പൊട്ടി മൂന്നു കതിന–ശബ്ദം
പട്ടണത്തിൻ തിരക്കിലാണ്ടു
2
ശീതവാഹിയാം വൃശ്ചികക്കാ–
റ്റൂതിയെത്തിത്തുടങ്ങി മേന്മേൽ.
നേർത്തുപോയീ തെരുവിലെല്ലാ–
മാർത്തിരച്ച ജനപ്രവാഹം.
മൂളും സത്വരജീവിതത്തിൻ–
താളംതാണു, തളർന്നുപോയീ.
കണ്ടൻപള്ളകളാർന്നിഴയും
രണ്ടു കാലിമൃഗങ്ങളില്ലേ,
കോലം ചുരുങ്ങിക്കറുത്തു കാര–
ക്കോലായ്ത്തീർന്ന മനുഷ്യതകൾ–
കല്ലിൽച്ചേർന്നാ മനുഷ്യതക–
ളെല്ലാമെല്ലാം മയക്കമായീ:
വൃത്തമൊത്ത നടവഴിയിൽ–
ത്തത്തും വിദ്യുൽപ്രഭാപ്രസരം
കമ്പിക്കാലിൽത്തടയുകയാൽ–
പ്പിമ്പിലോരോ നിഴലുപോലെ!
3
പാറതോൽക്കുമശ്ശൂന്യതയിൽ–
ക്കൂരിരുളിൽക്കിനിഞ്ഞു ദൂരേ
പേർത്തും പേർത്തുമൊരാരവവും
നേർത്തു നേർത്തൊരരുമണിയും.
ആ വിജനതതൻ കൊഴുപ്പി–
ലാത്മനിർല്ലയം തേടുമീ ഞാൻ
കണ്ണാക്കാഴ്ചയിൽ നടന്നുനിന്നൂ,
വിണ്ണിലായിരം താരകളും.
എന്തോ കേൾപ്പതവിടെയാവോ,
എന്തോ കാണ്മതവിടെയാവോ!

അന്തിയോളം കൈക്കെൽപ്പു മില്ലിൽ–
ച്ചിന്തിച്ചിന്തിത്തളർന്ന കൂട്ടർ,
ഊണിനെ, ന്നാലു മെന്നുമില്ലാ–
താണായ്പ്പെണ്ണായ്പ്പിറന്നുപോയോർ,
ആയതെന്തുകൊണ്ടെന്നറിഞ്ഞി–
ട്ടാവേശത്തിൽത്തിളച്ചിടുന്നോർ–
'മാർച്ചു' ചെയ്തു വരുന്നു 'റോഡി' ൻ–
മാർത്തടത്തിൽച്ചവുട്ടിയുഗ്രം!
ഓരോ കയ്യിൽദ്ദീവെട്ടി കാണാ,–
മോരോ കയ്യിൽക്കൊടിയും കാണാം.
ചെങ്കൊടിനിര നീളെ നീളെ–
ത്തങ്കും വിസ്തൃതവിണ്ടലത്തിൽ
അഗ്നിജ്വാലാപരമ്പരക–
ളഗ്നിജ്വാലാപരമ്പരകൾ!
വിദ്യാശൂന്യരവർ നിറപ്പൂ
വിപ്ലാവാരവം വീഥിയിങ്കൽ:
''കൂലിക്കുറവു കരണ്ടു കരണ്ടും
ജോലിക്കൂടുതൽകൊണ്ടുവരണ്ടും
ഞങ്ങളെ മെയ്യിലിറച്ചി നശിച്ചു,
ചുങ്ങീ ചോരക്കുഴലുകളെല്ലാം.
പട്ടിണി തിന്നൂ, നഗ്നത ചുറ്റീ:
പള്ളകളൊട്ടീ കീറി നാണം!
അരയിൽക്കെട്ടിപ്പിടിച്ചു വിമ്മി–
ക്കരയും കൊച്ചുകിടാവിൻ കണ്ണിൽ
മിഴിനീരങ്ങനെയൂറിവരുമ്പോൾ–
ക്കഴിയില്ലച്ഛനു കുത്തിയിരിക്കാൻ;
കഴിയില്ലമ്മയ്ക്കപ്പൊഴുതാച്ചെ–
ങ്കവിളിൻഭംഗികൾ കണ്ടു രസിക്കാൻ.
ഞങ്ങളുറക്കെച്ചോദിക്കുന്നൂ,
ഞങ്ങളൊരണിയായ്ച്ചോദിക്കുന്നൂ:
തിയ്യാം ഞങ്ങടെ പള്ളയിലെല്ലാം,
വയ്യാ, വയ്യ വിശപ്പു സഹിക്കാൻ–
തരുമോ ഭക്ഷണ?– മുടനെപ്പറയൂ;
പറയൂ മറുപടി, ഭരണാധിപരേ!
തിയ്യാം ഞങ്ങടെ മസ്തിഷ്കത്തിൽ,
വയ്യാ വയ്യ സഹിപ്പാൻ നാണം–
തരുമോ തുണി നീ? പറയൂ വേഗം;
പറയൂ മറുപടി, ഭരണാധിപരേ!
കയ്യിലുയർത്തിടുമഥവാ ഞങ്ങൾ
കരാളമാമിദ്ധാർമ്മികരോഷം!...ഠ
കമ്പക്കാൽ നിഴലെന്നപോലെ
കല്ലിൽച്ചേർന്ന മനുഷ്യതകൾ
ഞെട്ടിത്തട്ടിപ്പിടഞ്ഞെണീറ്റു
വട്ടം വീശുന്നൂ കണ്ണിണകൾ;
ഓരോന്നിന്റെയും ചൊടികളിലും
നീറിക്കത്തുന്നൂ മന്ദഹാസം
അർത്ഥമെന്തിനെന്നു ചിന്തി–
ച്ചന്തം കിട്ടാതെ ഞാനുഴന്നു!

4

ആ വിജനാതൃഷ്ണചിത്തൻ
പോയീ മുമ്പോട്ടു ഞാനലക്ഷ്യൻ.
ചെന്നുമുട്ടിയതമ്പലത്തിൻ–
മുന്നിലുള്ളൊരഗ്ഗോപുരത്തിൽ!
താടിക്കാടും കറുത്ത മുണ്ടാൽ–
ത്താറും രുദ്രാക്ഷമാലയുമായ്
ആറേഴാളുണ്ടഗ്ഗോപുരത്തിൽ–
ക്കേറിക്കൂടിയിരുന്നിടുന്നൂ–
ഓരോ കയ്യിലിരുമ്പുശൂല,–
മോരോ തോളത്തു പൊക്കണവും!
ആ വിജനതനൻകൊഴുപ്പി–
ലാത്മനിർല്ലയം തേടുമീ ഞാൻ
കണ്ണാക്കാഴ്ചയിൽ നട്ടു നിന്നൂ,
വിണ്ണിലായിരം താരകളും.
കാടൻമട്ടിലവരുതിർപ്പൂ
കാതടപ്പൻ നിലവിളികൾ:
''ശരണം, നീയേ ദീനജനത്തിനു
ശരണം, ശബരിയിലയ്യപ്പാ!
കരിമലമുകളിൽ, ക്കടുമൃഗനടുവിൽ,
ക്കാലം പോക്കിടുമയ്യപ്പാ!
മലനാടിതിനായ്ക്കാവലിരിക്കും
മഹിതാശയനാമയ്യപ്പാ!
ശരണാഗതരിൽക്കടമിഴി വിതറും
കരുണാകരനാമയ്യപ്പാ!
അഹ, മൃഗവേട്ട നടത്തി വനങ്ങളിൽ
വിഹരിച്ചിടുമെന്നയ്യപ്പാ!
ശരണം നീയേ ദിനജനത്തിനു
ശരണം, ശബരിയിലയ്യപ്പാ!
പതിനെട്ടാംപടി കയറിവരുന്നൂ
പതിതന്മാരിവരയ്യപ്പാ!
ചുടുവെയിലേറ്റു തളർന്നുവരുന്നൂ
ചൂഷിതജനഗണമയ്യപ്പാ!
നോറ്റു വലഞ്ഞുപൊരിഞ്ഞുവരുന്നൂ
തോറ്റവരിജ്ജനമയ്യപ്പാ!
മഞ്ഞിൽ മരച്ചുവിറച്ചു വരുന്നൂ
മലയാളികളിന്നയ്യപ്പാ!
ശരണം; നീയേ ദീനജനത്തിനു
ശരണം, ശബരിയിലയ്യപ്പാ!....''
എണ്ണിത്തിർത്തേനതിനിടയിൽ–
ക്കണ്ണുകൊണ്ടു ഞാൻ വേറെ വേറെ,
എത്രയുണ്ടാക്കഴുത്തുകളിൽ
രക്തനാഡികളെന്നു നേരെ.
കമ്പിക്കാൽ നിഴലെന്നപോലെ
കല്ലിൽച്ചേർന്ന മനുഷ്യതകൾ
ഉണ്ടെവിടെയും നിശ്ചലരാ–
യുണ്ടക്കണ്ണു വിടർത്തി നിൽപ്പൂ
ചുണ്ടത്തൂറിപ്പരന്നിടുന്നൂ

പണ്ടത്തെപ്പടുമന്ദഹാസം.
അർത്ഥം ചിന്തിച്ചു പിന്നെയും ഞാ–
നന്തം കിട്ടാതുഴന്നുനില്പൂ!

5

ആ വിജനതൃഷ്ണചിത്തൻ
പോയി മുന്നോട്ടു പിന്നെയും ഞാൻ.
കൂരിരുട്ടാണെൻ ചുറ്റുപാടും,
തീരെശ്ശാന്തമാണന്തരീക്ഷം.
മുദ്രാവാക്യങ്ങൾ മാഞ്ഞുപോയീ,
രുദ്രാക്ഷങ്ങളും മാഞ്ഞുപോയീ;
നിന്നൂ മുന്നിലനങ്ങിടാതെ
നിത്യഭീഷണമന്ദഹാസം.